

# Jubilet

Jubilee Mission Medical College & Research Institute - Since 1951 Vol. 8 Issue 5 May 2022



# ഭൂമിയിലെ മാലാഖമാർ

ആശുപത്രി മേഖലയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു മാസമായിരുന്നു മെയ്മാസം. തൊഴിലാളി ദിനം, നഴ്സസ് ദിനം, ഭിന്നശേഷിക്കാർക്കുള്ള ചികിത്സ സൗകര്യത്തിന്റെ ഉദ്ഘാടനം, പൂരം എക്സ്ബിഷനിലെ ജൂബിലി സ്റ്റാൾ എന്നിങ്ങനെ ഒത്തിരി പ്രോഗ്രാമുകൾക്ക് സാക്ഷ്യം വഹിച്ച മാസമായിരുന്നു മെയ്മാസം. കർത്താവിന്റെ സൗഖ്യദായക ശുശ്രൂഷയുടെ പിന്തുടർച്ചയാണ് ആശുപത്രിയിൽ നാം കാണുന്നത്. ജൂബിലി മിഷന്റെ ഓരോ ദിവസവും മൂവ്വായിരത്തിൽപ്പരം ജീവനക്കാരുടെ അദ്ധ്വാനത്തിലൂടെയാണ് ഈ ശുശ്രൂഷ ഫലവത്താകുന്നത്. തൊഴിലാളി ദിനത്തിന്റെ പ്രാധാന്യം കടന്നു വരുന്നത് ഇവിടെയാണ്. ജൂബിലി മിഷൻ ആശുപത്രിയുടെ ക്രിയാത്മക വളർച്ചയിൽ സഹകരിക്കുന്ന ഏവരെയും നന്ദിയോട് കൂടി ഓർക്കാതെ ഒരു മേയ് മാസവും കടന്നുപോകുന്നില്ല.

നമ്മുടെ ആശുപത്രി ജീവനക്കാരിൽ മൂന്നിൽ ഒരാൾ നഴ്സാണ്. ആതുരശുശ്രൂഷ രംഗത്ത് ദൈവത്തിന്റെ സാന്നിധ്യമായി രോഗികളെ ശുശ്രൂഷിക്കുന്നവരാണ് നമ്മുടെ നഴ്സുമാർ. നഴ്സസ് ദിനം മെയ്



12, ഭൂമിയിലെ മാലാഖമാരെ സമുചിതമായി ആദരിക്കാൻ നമുക്ക് സാധിച്ചു. ആശുപത്രിയുടെ മുഖമാണ് നമ്മുടെ ജീവനക്കാർ. അതിൽ തന്നെ വളരെ അടുത്ത് അനുധാവനം ചെയ്തുകൊണ്ട് ആശുപത്രിയെ പരിചയപ്പെടുത്തുന്നവരാണ് നഴ്സുമാർ. ഏറ്റവും ആത്മാർത്ഥമായി നന്ദിയും ആശംസകളും അർപ്പിക്കുന്നു.

ജൂബിലി മിഷന്റെ സാമൂഹിക പ്രതിബദ്ധതയാണ് പൂരം എക്സിബിഷനിലും ഭിന്നശേഷിക്കാർക്കുള്ള ചികിത്സാ സൗകര്യം ഏർപ്പെടുത്തിയതിലും നമുക്ക് കാണാൻ കഴിഞ്ഞത്. നഷ്ടപ്പെട്ട ആരോഗ്യം വീണ്ടെടുക്കൽ മാത്രമല്ല ആരോഗ്യ സംരക്ഷണത്തെക്കുറിച്ചുള്ള ബോധവൽക്കരണവും മുൻകരുതലും ആതുരശുശ്രൂഷയുടെ ഭാഗമാണ്. എക്സിബിഷന് നേതൃത്വം കൊടുത്തവരെയും ഇതിന് സഹകരിച്ച എല്ലാ ജീവനക്കാരെയും വിദ്യാർത്ഥികളെയും ഏറ്റവും സ്നേഹത്തോടെ ഓർക്കുന്നു. എല്ലാവരെയും ഉൾക്കൊള്ളുന്നതാണ് നമ്മുടെ ആശുപത്രി.

**ഫാ. ഷിജോ മാപ്രാണത്തുകാരൻ**
അസിസ്റ്റന്റ് ഡയറക്ടർ



# സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പ്





ടി. എൻ. പ്രതാപൻ എം. പി. യുടെ M. P.'s Care ന്റെ സഹകരണത്തോടെ തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ എട്ട് വിഭാഗങ്ങളെ ഉൾപ്പെടുത്തി സൗജന്യ മെഗാ മെഡിക്കൽ ക്യാമ്പും, രക്തദാനക്യാമ്പും 2022 മെയ് 22 ഞായറാഴ്ച തുമ്പൂർ സ്കൂളിൽ വച്ച് നടത്തി. കമ്മ്യൂണിറ്റി മെഡിസിൻ, ജനറൽ സർജറി, ഗൈനക്കോളജി, ഒഫ്ത്താൽമോളജി, ഓർത്തോ, ഇ. എൻ. ടി., പീഡിയാട്രിക്, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ എന്നീ വിഭാഗങ്ങളുടെ സഹകരണത്തോടെ നടത്തിയ ക്യാമ്പിൽ 270 പേർ പങ്കെടുത്തു. ഡി. സി. സി. പ്രസിഡന്റ് ശ്രീ. ജോസ് വള്ളൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിന് സ്നേഹോപഹാരം കൈമാറി.








# സെന്റ് ഗൈൽസ് ക്ലിനിക്ക്

## (ഭിന്നശേഷി കുട്ടികൾക്കായുള്ള സൗജന്യ ക്ലിനിക്ക്)

# ഉദ്ഘാടനം ചെയ്തു.

ജൂബിലിയിൽ ആരംഭിച്ച ഭിന്നശേഷി കുട്ടികൾക്കായുള്ള സൗജന്യ ക്ലിനിക്കായ സെന്റ് ഗൈൽസ് ക്ലിനിക്ക് ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി ശ്രീമതി വീണ ജോർജ്ജ് ഉദ്ഘാടനം ചെയ്തു. 15 വയസ് വരെയുള്ള ഭിന്നശേഷിക്കാർക്ക് ക്ലിനിക്കിൽ സൗജന്യ സേവനം ലഭിക്കും. പോസ്റ്റ് കോവിഡ് രോഗികൾക്കായുള്ള നെബുലൈസഷൻ ക്ലിനിക്കിന്റെ ഉദ്ഘാടനവും, കാസ്പ് പദ്ധതിയുടെ സേവനം ജൂബിലിയിൽ ആരംഭിക്കുന്നതിന്റെ പ്രഖ്യാപനവും മന്ത്രി നിർവ്വഹിച്ചു.

മോൺ. ജോസ് കോനിക്കര അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. രാഹുൽ യു. ആർ., പരിവാർ പ്രസിഡണ്ട് ശ്രീ സന്തോഷ് എ. എന്നിവർ ആശംസകൾ നേർന്നു. ജൂബിലി മിഷൻ ആശുപത്രിയുടെ മെഡിക്കൽ സൂപ്രണ്ട് ഡോ. പി. സി. ഗിൽവാസ്, പൾമനോളജി വിഭാഗം മേധാവി ഡോ. സുപ്രിയ അടിയോടി, പീഡിയാട്രിക് വിഭാഗത്തിലെ ഡോ. രതി ശാന്തകുമാർ എന്നിവരുടെ സഹകരണത്തോടെ നടന്ന ചടങ്ങിൽ സി. ഇ .ഒ. ഡോ. ബെന്നി ജോസഫ് നന്ദി പറഞ്ഞു. തൃശ്ശൂർ ജില്ലയിൽ തന്നെ ഭിന്നശേഷി കാരണം ബുദ്ധിമുട്ട് നേരിട്ടുകൊണ്ടിരിക്കുന്ന ആറായിരത്തോളം ആളുകൾക്ക് രോഗീസൗഹൃദ രീതിയിൽ അത്യാധുനിക ചികിത്സാ സൗകര്യം ഒരുക്കുക എന്നതാണ് ക്ലിനിക്കിന്റെ ലക്ഷ്യമെന്ന് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ അറിയിച്ചു.



# മരിച്ചാലും ജീവിക്കുന്നവർ

തൃശ്ശൂർ തോപ്പ് സ്റ്റേഡിയത്തിന് സമീപമുണ്ടായ വാഹനാപകടത്തെ തുടർന്ന് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന ഈസ്റ്റ് ഫോർട്ട് സ്വദേശി ചിറയത്ത് ആഴ്ചങ്ങാടൻ ജോസാണ് അവയവദാതാവായത്. അദ്ദേഹത്തിന്റെ കരൾ എറണാകുളം ആസ്റ്റർ മെഡി സിറ്റി ആശുപത്രിയിലെ രോഗിയും, ഒരു വൃക്ക കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിലെ രോഗിയും, ഒരു വൃക്ക ആസ്റ്റർ മിംസിലെ രോഗിയും, കണ്ണുകൾ ജൂബിലി മിഷൻ ആശുപത്രിയിലെ രോഗിയുമാണ് സ്വീകരിച്ചത്. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിലെ മെഡിക്കൽ സൂപ്രണ്ടും ന്യൂറോളജി വിഭാഗം മേധാവിയുമായ ഡോ. പി. സി. ഗിൽവാസ്, ക്രിട്ടിക്കൽ കെയർ വിഭാഗത്തിലെ ഡോ. ചെറിഷ് പോൾ, ഡോ. പ്രദീപ്, ഡോ. അപർണ, ഡോ. ആതിര, ഡോ. സിനിജ, MCCU ഇൻചാർജ്ജ് സി. ഏയ്ഞ്ചല, സീനിയർ പേഷ്യന്റ് റിലേഷൻ കോർഡിനേറ്റർ ശ്രീ. പ്രവീൺ ജോർജ്ജ് എന്നിവർ നേതൃത്വം നൽകി. അവയവദാനം ചെയ്ത ജോസിന്റെ ബന്ധുക്കളെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ നന്ദി അറിയിച്ചു.




# നേഴ്സസ് ദിനത്തിൽ മലാഖമാർക്ക് ആദരവ്

ലോക നേഴ്സസ് ദിനമായ മെയ് 12-ന് ജൂബിലിയിൽ പതിനഞ്ച് വർഷത്തെ സേവനം പൂർത്തിയാക്കിയ നേഴ്സുമാരെ ആദരിച്ചു. ചടങ്ങിൽ വനിതാ സെൽ സർക്കിൾ ഇൻസ്പെക്ടർ ശ്രീമതി സിന്ധു പി. വി. വിശിഷ്ടാതിഥിയായിരുന്നു. ടി.എം.എ. ഫ്ളോറൻസ് നൈറ്റിംഗേൽ നേഴ്സസ് എക്സലൻസ് അവാർഡ് ജേതാവായ ജൂബിലിയിലെ കൊറോണറി കെയർ യൂണിറ്റിലെ ഹെഡ് നേഴ്സായ ലാൻസ് ഫ്രാൻക് വില്യംസിനെ ചടങ്ങിൽ പ്രത്യേകമായി ആദരിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ സ്വാഗതമാശംസിച്ച ചടങ്ങിൽ സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് ആശംസകളറിയിച്ചു. അസി. ഡയറക്ടർ ഫാ. ഷിജോ മാപ്രാണത്തുക്കാരൻ നന്ദി പ്രകാശിപ്പിച്ചു.





# Breast Imaging

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് റേഡിയോളജി വിഭാഗത്തിന്റെയും BISI-യുടെയും സഹകരണത്തോടെ സംഘടിപ്പിച്ച Breast Imagingനെക്കുറിച്ചുള്ള ഏകദിന പഠന ശിബിരം ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ ഉദ്ഘാടനം ചെയ്തു. റേഡിയോളജി വിഭാഗം മേധാവി ഡോ. ബാലചന്ദ്രൻ നായർ സ്വാഗതം ആശംസിച്ച ചടങ്ങിൽ ഡോ. ഗോമതി സുബ്രഹ്മണ്യൻ അദ്ധ്യക്ഷത വഹിച്ചു. IRIA കേരള ചാപ്റ്റർ സെക്രട്ടറി ഡോ. റിജോ മാത്യു, ഡോ. ജാനകി പി., പി. ധർമ്മരാജൻ (BISI) എന്നിവർ ആശംസകൾ അർപ്പിച്ചു. Breast Cancer-നെക്കുറിച്ച് സുദീർഘമായ ചർച്ചകൾ ഡോ. ബാലചന്ദ്രൻ നായർ, ഡോ. ശ്രീകുമാർ പിള്ള, ഡോ. മിഥുൻ ചാക്കോ, ഡോ. ഉഷ പൈ, സി. റോസിൻ എന്നിവരുടെ നേതൃത്വത്തിൽ നടന്നു.

## എം. ബി. ബി. എസ്. പരീക്ഷയിൽ ഒന്നാം സ്ഥാനം നേടി ജൂബിലി

ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ പതിനെട്ടാം ബാച്ച് എം.ബി.ബി.എസ്. വിദ്യാർത്ഥികൾ കേരള ആരോഗ്യ സർവ്വകലാശാലയുടെ ഒന്നാം വർഷ എം.ബി.ബി.എസ് പരീക്ഷയിൽ 84 ശതമാനം വിജയം നേടി യുണിവേഴ്സിറ്റി തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ, പ്രിൻസിപ്പാൾ ഡോ. പ്രവീൺലാൽ, സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് എന്നിവർ ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിച്ചു.



# ജൂബിലി മിഷൻ പവലിയന് ഒന്നാം സ്ഥാനം

തൃശ്ശൂർ പൂരം എക്സിബിഷനിൽ ജൂബിലി മിഷൻ ആശുപത്രിയുടെ പവലിയൻ തൃശ്ശൂർ എ.സി.പി. ശ്രീ. വി. കെ രാജു ഉദ്ഘാടനം ചെയ്തു ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ, സി. ഇ. ഒ. ഡോ. ബെന്നി ജോസഫ്, അസി. ഡയറക്ടർ ഡോ. ഫാ. ഡെമിൻ തറയിൽ, തൃശ്ശൂർ പൂരം എക്സിബിഷൻ കമ്മിറ്റിയുടെ വൈസ് പ്രസിഡണ്ട് സതീഷ് കുമാർ, ജോയിന്റ് സെക്രട്ടറി ദിലീപ് കുമാർ, ട്രഷറർ ശശികുമാർ എന്നിവർ സന്നിഹിതരായിരുന്നു. 'കോവിഡാനന്തര തൃശ്ശൂർ' എന്ന വിഷയത്തെ ആസ്പദമാക്കി തയ്യാറാക്കിയജൂബിലിയുടെ പവലിയനാണ് ആരോഗ്യ മേഖലയിലെ മികച്ച സ്റ്റാൾ ആയി തിരഞ്ഞെടുത്തത്.







# വിദ്യാർത്ഥികൾക്കായി പുതിയ മെസ്സ് ജൂബിലിയിൽ



ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ എം.ബി.ബി.എസ് വിദ്യാർത്ഥികൾക്കായുള്ള പുതിയ മെസ്സ് ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ ആശീർവദിച്ചു. മെഡിക്കൽ കോളേജിന്റെ ഡി ബ്ലോക്കിനും സെന്റ് മേരീസ് ലേഡീസ് ഹോസ്റ്റലിനും വളരെ അടുത്തുള്ള സിസ്റ്റേഴ്സ് ക്വാർട്ടേഴ്സിന്റെ ഒന്നാം നിലയിൽ വളരെ വിശാലവും വായുസഞ്ചാരമുള്ളതുമായ രീതിയിലായാണ് പുതിയ മെസ്സ് ഒരുക്കിയിരിക്കുന്നത്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി പ്രവർത്തനമാരംഭിച്ച മെസ്സിൽ മുൻ നിശ്ചയിച്ച പ്രകാരമുള്ള മെനുവിന് പുറമെ കൂടുതൽ ഭക്ഷണവിഭവങ്ങളും നല്കി തുടങ്ങുമെന്ന് ഫുഡ് ആൻഡ് ഹോസ്പിറ്റാലിറ്റി മാനേജർ നെൽവിൻ സി. ജോൺ അറിയിച്ചു.

# ഡോ. ഫ്രാൻസിസ് ആലപ്പാട്ടച്ചന് മികച്ച സേവനത്തിന് പുരസ്കാരം




തൃശൂർ അതിരൂപതക്കും പൊതുസമൂഹത്തിനും ചെയ്ത മികച്ച സേവനങ്ങൾക്കു തൃശൂർ അതിരൂപതയുടെ 135-ാം സ്ഥാപന വാർഷികാഘോഷവേളയിൽ അതിരൂപത പുരസ്കാരം നൽകി ആദരിച്ച ജൂബിലി മിഷൻ ഹോസ്പിറ്റൽ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടർ ഡോ. ഫാ. ഫ്രാൻസിസ് ആലപ്പാട്ടിന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങളും ആശംസകളും.




# നിയോകോൺ - 2022

നവജാതശിശുരോഗ വിദഗ്ദ്ധരുടെ പതിമൂന്നാമത് അന്താരാഷ്ട്ര സമ്മേളനം ''നിയോകോൺ 2022'' തൃശൂർ ഹയാത്ത് റീജൻസിയിൽ മെയ് മാസം 26, 27, 28, 29 തിയ്യതികളിൽ നടന്നു. ഇതിന്റെ ഭാഗമായി ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ മൂന്ന് വർക്ക്ഷോപ്പുകൾ നടത്തി. വെന്റിലേഷൻ വർക്ക്ഷോപ്പ് 26, 27 തീയതികളിൽ മദർ തെരേസ ഹാളിലും, ന്യൂറോ ഡവലപ്മെന്റ് വർക്ക്ഷോപ്പും, അൾട്രാസൗണ്ട് വർക്ക്ഷോപ്പും പഴയ സി. സി. എം. ഹാളിലും നടന്നു. 26-ാം തീയതി മദർ തെരേസ ഹാളിൽ വച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ഡയറക്ടർ ബഹു. ഫാ. റെന്നി മുണ്ടൻകുര്യൻ ഭദ്രദീപം കൊളുത്തി മൂന്ന് വർക്ക്ഷോപ്പിന്റേയും ഉദ്ഘാടനം സംയുക്തമായി നിർവഹിച്ചു. ഐ. എ. പി. നിയോകോൺ ചാപ്റ്റർ സെക്രട്ടറി ഡോ. രാജേഷ് കുമാറിന്റെ അധ്യക്ഷതയിൽ വിശിഷ്ടാതിഥികളെയും മറ്റെല്ലാവരെയും ഡോ. മനോജ് വി. സി. സ്വാഗതം ചെയ്തു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഗിൽവാസ് പി. സി., വർക്ക്ഷോപ്പ് ലീഡ് ഇൻസ്ട്രക്റ്റർ ഡോ. ആശിഷ് മെഹ്ത, ഡോ. നവീൻ ജെയിൻ തുടങ്ങിയവർ വേദിയിൽ സന്നിഹിതരായിരുന്നു. ഡോ. അപർണ നമ്പൂതിരിപ്പാട് നന്ദി പറഞ്ഞു. നൂറോളം ഡോക്ടേഴ്സ് വർക്ക്ഷോപ്പിൽ പങ്കെടുത്തു. ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് തൃശൂർ ശാഖയും നാഷണൽ നിയോനാറ്റോളജി ഫോറം കേരള ശാഖയുമായിരുന്നു സംഘാടകർ. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ നവജാത ശിശുരോഗവിഭാഗം തലവനായ ഡോ. മനോജ് വി. സി. ആയിരുന്നു സംഘാടകസമിതി ചെയർമാൻ.




മെയ് 31 നു മാതാവിന്റെ വണക്കമാസ സമാപനത്തോടനുബന്ധിച്ചു ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിട്യൂട്ടിൽ വൈകീട്ടത്തെ ദിവ്യബലിക്ക് ശേഷം ഹോസ്പിറ്റൽ പരിസരം മുഴുവനും ഹോസ്പിറ്റൽ ജീവനക്കാർ പ്രാർത്ഥന നിർഭരമായ ജപമാല പ്രദക്ഷിണം നടത്തുകയും ലൂർദ് മാതാ ഗ്രോട്ടോയിൽ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയന്റെ നേതൃത്വത്തിൽ പ്രാർത്ഥന നടത്തി. ആശീർവാദവും നല്കുകയും തുടർന്ന് നേർച്ച വിതരണം ചെയ്യുകയും ഇതിനോടനുബന്ധിച്ചു എല്ലാ ബ്ലോക്കുകളിലും പരിശുദ്ധ അമ്മയുടെ രൂപം അലങ്കരിക്കുകയും ചെയ്തിരുന്നു.



# Congratulations



കൈരളി ന്യൂറോസയൻസസ് സൊസൈറ്റിയുടെ വാർഷിക സമ്മേളനമായ TRAVANCORE NEUROCON 2022 യിൽ Professor Dr . K V Mathai Memmorial Life Time Achievement Award നൽകി ആദരിച്ച ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മെഡിക്കൽ സൂപ്രണ്ടും ന്യൂറോളജി വിഭാഗം പ്രൊഫസറുമായ ഡോ. പി. സി. ഗിൽവാസിന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങളും ആശംസകളും.



ഓൾ കേരള ഫെഡറേഷൻ ഓഫ് ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജിയുടെ പ്രസിഡന്റായി കണ്ണൂരിൽ നടന്ന ഓൾ കേരള ഒ. ബി. ജി. കോൺഫറൻസിൽ സത്യപ്രതിജ്ഞ ചെയ്ത ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി വിഭാഗം മേധാവി ഡോ. സറീന ഗിൽവാസിന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.



പൂനെ ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി സൊസൈറ്റി, സ്ത്രീകളുടെ ആരോഗ്യത്തിനായി നൽകിയ സേവനങ്ങൾക്കു സ്റ്റാർ കണക്ട് അവാർഡ് നൽകി ആദരിച്ച ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈന ക്കോളജി വിഭാഗം പ്രൊഫസർ ഡോ. അശ്വത് കുമാറിന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദങ്ങൾ.



നഴ്സിംഗ് മികവിനായുള്ള TMA Florence Nightingale Award നേടിയ ജൂബിലി മിഷൻ കൊറോണറി കെയർ യൂണിറ്റിലെ ഹെഡ്ഴ്സ് ആയ ലാൻസ് ഫ്രാങ്ക് വില്യംസിന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.



കൊച്ചിൻ ഡെർമറ്റോളജിക്കൽ സൊസൈറ്റിയുടെ നേതൃത്വത്തിൽ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് കൊച്ചിയിൽ വച്ച് നടത്തിയ MID Kerala 2022യിൽ പോസ്റ്റർ പ്രസന്റേഷൻ മത്സരത്തിൽ രണ്ടാം സ്ഥാനം നേടിയ ഒന്നാം വർഷ ഡെർമറ്റോളജി ആൻഡ് വെനെറൽ വിഭാഗം ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയായ ഡോ. കരിഷ്മ എബ്രഹാം ജോർജിന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

# Welcome to Jubilee Family

| | |
|---|---|
| Dr. Vijayakumar P | Forensic Medicine |
| Dr. Marilyn George | Charles Pinto |
| Dr. Vigy Varghese | Anaesthesia |
| Dr. Shakthinag S | Physiology |
| Dr. Minnu Thomas | Emergency Medicine |
| Dr. Betsy Teresa | Medical Oncology |
| Dr. Nithin James | Cardiology |
| Ms. Chaithra K A | Anaesthesia |
| Sr. Linus Christo (Leena C O) | Central Laboratory |
| Ms. Nimmy Nelson | H R D |
| Ms. Ninu Roy | Infection Control |
| Sr. Vincy Varghese | JMSON |
| Ms. Sruthy M Krishnan | Neurology |
| Ms. Nitha Shibu | Patient Relations |
| Sr. Stella C P (Sr Jees Therese) | Pharmacy |
| Ms. Arya Gangadharan | Pharmacy |
| Ms. Suja R | Radiology |

## NURSING

Ms. Aiswarya Chandramohan
Ms. Delma T F
Ms. Femi P Baby
Ms. Jesna Davis
Ms. Mariya M J
Ms. Miranda Francis
Ms. Navya Shaju
Ms. Nimna Thomas
Ms. Prestina Jose
Ms. Sigiya Francis
Ms. Sinta Jose
Ms. Sruthy A V
Ms. Jinny Joy



ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ വിഭാഗം മേധാവിയും പ്രൊഫസറുമായി ചുമതലയേൽക്കുന്ന ഡോ. ബാബു വർഗീസ് എ ജെ ക്കു ജൂബിലി കുടുംബത്തിലേക്ക് സ്വാഗതം.

# നന്ദിയുടെ നറുമലരുകൾ





സ്തുത്യർഹമായ സേവന ത്തിലൂടെ ജൂബിലി കുടുംബത്തിന്റെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിച്ചു പിരിഞ്ഞു പോയ നഴ്സിംഗ് സൂപ്രണ്ട് സി. ഫിലോ പോൾ, ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട് സി. ലിസ്സറ്റ്, റേഡിയോളജി വിഭാഗം ഇൻചാർജ് സി. ഹന്നാ ലിസബത് എന്നിവർക്ക് ജൂബിലി കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹം നിറഞ്ഞ ആശംസകളും.

---

# സ്വാഗതം.... സുസ്വാഗതം...






ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച് ഇൻസ്റ്റിട്യൂട്ടിലേക്കു പുത്തൻ ഉത്തരവാദിത്വങ്ങളുമായി കടന്നു വന്ന നഴ്സിംഗ് സൂപ്രണ്ട് സി. മെറ്റിൽഡ പോൾ, ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട് സി. മിനി കുരിയൻ (ലീമ റോസ്), സി. സിസി ക്ലയർ, റേഡിയോളജി ഇൻചാർജ് സി. പ്രിൻസി പോൾ (റോസിൻ) എന്നിവർക്ക് ജൂബിലി കുടുംബത്തിലേക്ക് സ്വാഗതം.




1796 മേയ്

'ഇവിടെ ആണ്ടു തോറും മേടമാസത്തിൽ പൂരം ഒരാഘോഷ ദിവസമായി കൊണ്ടാടണം. അതിനു നാട്ടുകാർ തിരുവമ്പാടി, പാറമേക്കാവ് ഇങ്ങനെ രണ്ടു വിഭാഗങ്ങളായ് പിരിഞ്ഞ് സംഘം ചേർന്ന് അതു നടത്തണം. അന്ന് സമീപത്തുള്ള ഭഗവതിമാരേയും ശാസ്താവ് മുതലായ ദേവന്മാരെയും എഴുന്നള്ളിച്ച് വടക്കുന്നാഥ സന്നിധിയിൽ കൊണ്ടു വരണം. അവയിൽ തിരുവമ്പാടിയിൽ നിന്നും പാറമേക്കാവിൽ നിന്നുമുള്ള എഴുന്നള്ളിപ്പുകൾ പ്രധാനമായിരിക്കണം. ഈ വകക്കു വേണ്ടുന്ന പണം ജനങ്ങൾ തന്നെ വീതിച്ചെടുത്തു ചെലവു ചെയ്യിക്കണം. പിന്നെ വേണ്ടുന്ന സഹായങ്ങൾ എല്ലാം നാം ചെയ്തു തരികയും ചെയ്യാം'. തമ്പുരാൻ കൽപ്പിച്ചു. മൂന്നു നാലു ദിവസങ്ങളായി തുടരുന്ന മഴ അപ്പോഴും തോർന്നിരുന്നില്ല.

ആറാട്ടു പുഴ പൂരത്തിൽ നിന്ന് പുറത്താക്കപ്പെട്ട ദേവസ്വങ്ങളുടെ പ്രതിനിധികൾ ആശ്വാസത്തോടെ നിറകണ്ണുകളുമായി നിന്നു. തങ്ങളുടെ തമ്പുരാൻ പറഞ്ഞാൽ ആ വാക്കിനു ഉരുക്കിന്റെ ശക്തി ഉണ്ടെന്നു അവർക്കറിയാം.....

അങ്ങനെ... ആദ്യത്തെ തൃശൂർ പൂരത്തിനു തുടക്കമായി.

*2022 മേയ്*

ജോസേട്ടൻ: ഇക്കൊല്ലം പൂരണ്ടാവ്വോ ?

പിന്നില്യാണ്ട് ? നീ ഇദെന്തുട്ട് വർത്താനാ ഈ പറേണ് .കഴിഞ്ഞ രണ്ട് കൊല്ലം കൊറോണ കൊണ്ടോയില്യേ ?

ഇത്തവണ എന്തായാലും നടക്കും. അത് ഷുവറാ. ദ് മ്മടെ തൃശൂക്കാര് ടെ ഒരു വികാരല്ലേ

## *May 9*

സാംപിളും ആനച്ചമയോം ഉഷാറായീ ട്ടാ.

## *May 10*

*3 pm*

മണ്ണിലും വിണ്ണിലും മനസ്സിലും നിറഞ്ഞ് പൂരാവേശം.
കൊട്ടിക്കയറിയ ഇലഞ്ഞിത്തറ മേളത്തിൽ സ്ഥലകാലം മറന്ന് ജനങ്ങൾ....

*5 pm*

'തെക്കോട്ടിറക്കത്തിനു ശേഷം നടക്കുന്ന കുടമാറ്റമാണ് ഇപ്പോൾ നടക്കുന്നത്.. അക്ഷരാർത്ഥത്തിൽ പൂഴിവാരിയിട്ടാൽ വീഴാത്ത അത്ര ജനക്കൂട്ടം. വർണ വിസ്മയങ്ങളൊരുക്കി വിവിധ നിറങ്ങളിലുള്ള പട്ടുകുടകൾ...

ഇതാ. പട്ടുക്കുടകൾ LED കുടകൾക്ക് വഴിമാറുന്നു
സമയം സന്ധ്യ
LED കുടകൾ മൽസരിച്ചു മാറ്റുന്ന തിരുവമ്പാടിയും പാറമേക്കാവും ആവേശത്തിമിർപ്പിൽ ജനം
'ക്യാമറാമാൻ സജിത്തിനോടൊപ്പം ശ്രീരാജ്'



ക്ലോസപ്പ് :സോഷ്യൽ മീഡിയയിൽ സുഹൃത്തിന്റെ തോളിൽ കയറിയിരുന്ന് പൂരം ആസ്വദിക്കുന്ന പെൺകുട്ടി..



*7 pm*

മഴ.... ശക്തമായ മഴ...
കഴിഞ്ഞ വർഷങ്ങളിൽ മുടങ്ങിപ്പോയ പൂരത്തിന്റെ എല്ലാ ആവേശവും അണ പൊട്ടിയ സമയം.
തിങ്ങിക്കൂടിയ ജനം പിരിഞ്ഞു തുടങ്ങി.

***10 pm***

'വെടിക്കെട്ട്ണ്ടാവില്യാന്ന് കേട്ടൂലോ ..ഇനിപ്പോ ന്താ ചെയ്യാ ?
ഒരാഴ്ച നീട്ടീന്നാ കേട്ടത് ..
മ്മക്ക് ഒരു കാര്യം ചെയ്താലോ ..
പൂരം എക്സിബിഷന് കേറാം
ISRO ന്റെ യും ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ന്റേം സ്റ്റാള് ണ്ട് ന്നാ കേട്ടത്.
തലക്കകത്തു കൊറച്ച് കാറ്റും വെളിച്ചോം കേറട്ടെ ന്ന് !
ന്നാ വിട്ടാലോ.




**ഡോ. നന്ദഗോപാലൻ പി. എ.**
പ്രൊഫസർ
അനാട്ടമി വിഭാഗം




# DIAGORAS' HEART

Takotsubo syndrome is cardiomyopathy produced by stress. It is produced usually by intense psychological stress like sudden death of a dear one, loss of job, divorce or such other major life events. Classically woman in her sixth decade, comes with either chest pain or dyspnoea and ECG shows evidence of ischemia. The cardiac enzymes will be elevated. The first clue for the diagnosis is from the echocardiogram. Usually when there is a myocardial infarction, there will be areas of akinesia or hypokinesia. This actually gives us a clue as to which vessel is occluded. In Takotsubo syndrome, on the other hand, there will be a large area of akinesia involving the apex. This does not correspond to any vessel. Hence it is also known as "Apical Ballooning Syndrome'. Left ventricle assumes the shape of an octopus trap. The shape is similar to that of a tako-tsubo, a round-bottomed, narrow-necked vessel used to catch octopuses. Hence named Takotsubo Syndrome. It was initially considered a benign condition, but now we know that it can be fatal. Coronary angiogram will show normal coronary arteries. Most patients recover completely and the left ventricle becomes normal.



Octopus Trap

We describe here a patient presenting with Takotsubo syndrome after prolonged hyponatremia. This patient was admitted with hyponatremia secondary to prolonged vomiting on top of her anti hypertensive medication, which was a diuretic. During the course of admission, she suddenly developed severe chest pain and was referred to us. ECG showed recurrent ventricular ectopics and ST elevation in anterior leads. Troponin was elevated. Echocardiogram showed classical apical ballooning. The coronary angiogram did not show any significant obstructive disease. She was treated with diuretics, beta blockers and she improved. Echocardiogram, repeated at the time of discharge showed a normal heart. We searched the literature and found that Takotsubo syndrome has been reported after hyponatremia, but not very common.



Angiogram during systole and diastole demonstrating apical ballooning

The pathophysiology of Takotsubo Syndrome is not very clear, though several hypotheses have been put forward. The most accepted one is excessive sympathetic activation. The "brain heart axis" is also important. "Community stress" can lead to Takotsubo Syndrome as described after the devastating earth quakes in New Zealand. Takotsubo Syndrome has also been described after anxiety related to covid 19 pandemic. Recurrence rate is also considered high. Nearly one in eight is expected to have recurrence in the next five years. The precipitating event will usually be different from the original event. Though once considered benign with excellent prognosis and complete reversal of left ventricular function, now we know that they have a substantial burden of morbidity and mortality. Beyond the acute event, patients with takotsubo syndrome have a rate of all-cause death of 5.6% per patient-year and a rate of major

adverse cardiac and cerebrovascular events of 9.9% per patient-year.

Though the classical echocardiogram picture is of an apical ballooning with sparing of the basal areas of the left ventricle, ballooning of mid and basal left ventricular wall has also been described.

Even extreme happiness can precipitate stress cardiomyopathy. Diagoras of Rhodes was an Ancient Greek boxer from the 5th century BC. Diagoras won several gold medals in Olympics. Subsequently, his two sons also won several Olympic medals. Diagoras was watching his children's success from the spectator stand. As they received their medals, they came to the spectator stands and took Diagoras on their shoulders and ran around the ground. Diagoras' friend who was watching all these, shouted, "Diagoras, you should die now. This is the pinnacle of your happiness. What more can you expect in your life?". This was considered the peak of happiness that a human being could experience, achieving great glory and yet having this glory matched or even surpassed by one's own children. And Diagoras fell down and died. This is said to be the classical example of stress cardiomyopathy due to extreme happiness and hence called "Diagoras' syndrome" or "Diagoras' heart"!



Depiction of Diagoras being carried by his two sons after an Olympic victory.



Modern Statue in Rhodes City
Diagora's Statue

**Dr. Govindan Unni**
Professor, Cardiology



# സ്നേഹമായി... കരുതലായി... പുഞ്ചിരിയായി... ആശ്വാസമായി... അരികിൽ

ഒരു ശനിയാഴ്ച രാത്രി 11 മണിയോടെയാണ് അമ്മാമ്മയെയും കൊണ്ട് ഡയമണ്ട് ബ്ലോക്കിലെ ആറാം നിലയിലെ 5606 റൂമിലേക്ക് ഞങ്ങൾ പ്രവേശിക്കുന്നത്. വേദനകൊണ്ട് പിടയുന്ന അമ്മാമ്മയെ പുഞ്ചിരി കൊണ്ടും കരുതൽ കൊണ്ടും സ്വീകരിച്ചത് ജിസ്മി സിസ്റ്റർ ആയിരുന്നു. ഡോക്ടറുടെ നിർദേശപ്രകാരമുള്ള മെഡിസിൻസ്,

JUBILEE MISSION MEDICAL COLLEGE
SERVICE WITH LOVE

Together,
We are the
Patient Experience !

അധികം ആരോഗ്യം ഒന്നും ഇല്ലാത്ത അമ്മാമ്മയുടെ ശരീരത്തിലേക്ക് കയറുമ്പോൾ, വേദന ആ ശരീരത്തെ വീണ്ടും കൂടുതൽ ക്ഷീണിതയാക്കിയപ്പോൾ സ്നേഹമായി, കരുതലായി, പുഞ്ചിരിയായി, ആശ്വാസമായി, അമ്മാമ്മക്ക് അരികിൽ ജിസ്മി സിസ്റ്ററും, സ്റ്റെഫി സിസ്റ്ററുമുണ്ടായിരുന്നു. അതുകൊണ്ട് തന്നെയാകണം അമ്മാമ്മക്ക് ഏറ്റവും ഇഷ്ടം ഈ മാലാഖമാരെയായിരുന്നു. ഓരോ ദിവസവും അമ്മാമ്മ ആദ്യം അന്വേഷിച്ചതും ഇവരെയായിരുന്നു. അമ്മാമ്മയുടെ വേദനയ്ക്ക് ആശ്വാസം നൽകിയത് മെഡിസിനേക്കാൾ അപ്പുറം അവരുടെ 'അമ്മാമ്മേ' എന്ന് സ്നേഹത്തോടെയുള്ള വിളിയോട് കൂടിയ പരിചരണം ആയിരുന്നു. നിമിഷനേരം കൊണ്ട് അവർ നമ്മുടെ ആരൊക്കെയോ ആയി മാറി. രാത്രിയിൽ അവരുടെ ഡ്യൂട്ടി



# അൾട്രാസൗണ്ട് സ്കാനർ ആശീർവദിച്ചു.

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് റേഡിയോളജി വിഭാഗത്തിൽ പുതിയ അൾട്രാസൗണ്ട് സ്കാൻ മെഷീൻ അസിസ്റ്റന്റ് ഡയറക്ടർ ഡോ. ഫാ. ഡെമിൻ തറയിൽ ആശീർവദിച്ചു. ഡിപ്പാർട്ട്മെന്റ് മേധാവി ഡോ. എം. ആർ. ബാലചന്ദ്രൻനായർ, ഇൻചാർജ്ജ് സിസ്റ്റർ റോസിൻ, റേഡിയോളജി സ്റ്റാഫംഗങ്ങൾ എന്നിവരും സന്നിഹിതരായിരുന്നു.

---

കൂടുമ്പോഴും, വീട്ടിൽ 2, 3 വയസ് പോലും തികയാത്ത മക്കളെ മാതാപിതാക്കളെ ഏൽപ്പിച്ചു വരുമ്പോഴും നഴ്സുമാർക്കിടയിലെ ആ അമ്മ മനസ്സ് എവിടെയൊക്കെയോ തേങ്ങുന്നതായി കണ്ടിട്ടുണ്ട്. ഹോസ്പിറ്റലിൽ നൈറ്റ് ഡ്യൂട്ടി കഴിഞ്ഞു വീട്ടിൽ എത്തുമ്പോൾ, അവിടെ നിന്ന് വീട്ടു കാര്യങ്ങൾ കഴിഞ്ഞു വീണ്ടും ഹോസ്പിറ്റലിൽ എത്തുമ്പോൾ ഇവർ എപ്പോഴാണ് ഉറങ്ങുന്നത് എന്ന് ഞാൻ പലപ്പോഴും ചിന്തിക്കാറുണ്ട്. ഓരോ ദിവസവും കൂടുതൽ എനർജിയോടെ, പരിഭവങ്ങളോ പരാതികളോ ഇല്ലാതെ പുഞ്ചിരിയോടു കൂടി മാത്രം രോഗികൾക്കരികിലേക്ക് അവർ പോകുന്നത് അത്ഭുതത്തോടെ ഞാൻ നോക്കി നിന്നിട്ടുമുണ്ട്. ജിസ്മി സിസ്റ്ററെയും, സ്റ്റെഫി സിസ്റ്ററെയും പോലെ ഒരുപാട് മാലാഖമാർ അവിടെയുണ്ട്. ജൂബിലി മിഷനിലെ ഡയമണ്ട് ബ്ലോക്കിലെ ആറാം നിലയിലെ എല്ലാ മാലാഖമാർക്കും ഒരായിരം നന്ദി.

**മുല്ല ജോസ്**
(ലിജി)



# ദേശീയ ക്ഷയരോഗ നിർമ്മാർജ്ജന പരിപാടി (NTEP)

ക്ഷയരോഗ നിർണ്ണയത്തിന് സാർവ്വദേശീയ തലത്തിൽ ശുപാർശ ചെയ്തിട്ടുള്ള DOT Strategy (DOT'S), 2007-ൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ പ്രവർത്തനമാരംഭിച്ചു.

ഡോ. സുപ്രിയ അടിയോടി (HOD, Dept. Resp. Medicine, JMMC & RI) നോഡൽ ഓഫീസറായ DOT'S സെന്റർ സെന്റ് തോമസ് ബ്ലോക്കിൽ രണ്ടാം നിലയിൽ പ്രവർത്തിച്ചുവരുന്നു.

## സേവനങ്ങൾ

- രോഗനിർണ്ണയം
- കഫപരിശോധന (LED Fluroscence Microscopy FM)
- CBNAAT
- സൗജന്യ ക്ഷയരോഗ ചികിത്സ
- കൗൺസലിംഗ്
- ഫോളോ അപ്
- ക്ഷയരോഗ ബാധിതർക്ക് പെൻഷൻ പദ്ധതി

2018 മാർച്ച് 16ലെ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ ഗസറ്റ് വിജ്ഞാപനമനുസരിച്ച് (As per GO-Z-28015/2/2012 Govt. of India H & FWD ക്ഷയരോഗം (TB) Notifiable Disease) ഡോക്ടർമാർ, ഫാർമസിസ്റ്റുകൾ തുടങ്ങിയവർ ക്ഷയരോഗം നിർബന്ധമായും ബന്ധപ്പെട്ട ആരോഗ്യ അധികൃതർക്ക് റിപ്പോർട്ട് ചെയ്യണം. അല്ലാത്തപക്ഷം രണ്ട് വർഷം വരെ തടവുശിക്ഷ ലഭിക്കാവുന്ന കുറ്റകരമാണെന്നും, ഇതിൽ പറയുന്നു.



# തൈറോയ്ഡ് പത്ഥ്യവും അപത്ഥ്യവും

പത്ഥ്യം എന്നത് ചികിത്സയുടെ പര്യായം തന്നെയാണ്. മാർഗത്തിന് ഉപദ്രവമാകാത്തത് എന്നാണ് പത്ഥ്യത്തിന്റെ അർത്ഥം. ‘പത്ഥ്യം പഥോfനചേതം’ (ച. സു.)

മാർഗ്ഗം എന്നത് സ്വസ്ഥന്റെ സ്വാസ്ഥ്യസംരക്ഷണവും ആതുരന്റെ വ്യാധിഹരത്വവുമാകുന്നു. അതുപോലെതന്നെ മനസ്സിനു ഹിതമായതുമാവണം പത്ഥ്യം.

‘മനശരീരാനുപാലാതി പത്ഥ്യം’ (ചരകസംഹിത – ചക്രപാണി വ്യാഖ്യാനം)

ശരീരമനസ്സുകൾക്ക് അപ്രിയമായത് അപത്ഥ്യവുമാകുന്നു. പത്ഥ്യത്തിലെ നിഷ്കർഷ കൊണ്ട് പകുതി രോഗങ്ങളും ശമിക്കുന്നു എന്നു കരുതണം.

‘‘വിനാപി ഭേഷജൈർവ്യാധി പഥ്യാദേവ നിവർത്തതേ

നതുപഥ്യവിഹീനസ്യ ഭേഷജാനം ശതൈരപി’’

മരുന്നില്ലെങ്കിലും രോഗം പത്ഥ്യം കൊണ്ട് ശമിച്ചിടും. പത്ഥ്യമി ല്ലെങ്കിൽ ഔഷധങ്ങൾ പ്രയോഗിച്ചാലും അസുഖം മാറില്ല.

ഈദൃശ ആചാര്യ വചനങ്ങളിൽനിന്നും ആയുർവേദ ചികിത്സ യിൽ പത്ഥ്യത്തിന്റെ പ്രാധാന്യം വ്യക്തമാണല്ലോ. തൈറോയിഡ് രോഗങ്ങളുടെ ചികിത്സയിലും വ്യവസ്ഥാപിതമായ ചികിത്സ വഴി ചയാപചയ പ്രവർത്തനങ്ങൾ സമീകരിക്കുന്നതിനൊപ്പം ശരിയായ ആഹാര പദാർത്ഥങ്ങൾ വഴി ശരീരത്തിനാവശ്യമായ പോഷകങ്ങൾ ലഭ്യമാക്കുകയും ചെയ്താലേ ചികിത്സ പൂർണ്ണമാവുകയുള്ളൂ. തൈറോയിഡ് ഹോർമോൺ ഉല്പാദനത്തിന് അത്യന്താപേക്ഷി തമായ ഘടകമാണ് അയഡിൻ. കോഷ്ഠത്തിൽനിന്നും അയഡി ന്റെ ആഗിരണത്തിന് മഗ്നീഷ്യം ആവശ്യമാണ്. ഭക്ഷണത്തിലൂടെ ശരിയായ അളവിൽ മഗ്നീഷ്യം ലഭിക്കാതെ വന്നാൽ അയഡിൻ ആഗിരണം തടസ്സപ്പെടുകയും അതുവഴി തൈറോയ്ഡ് ഹോർ മോണുകളുടെ ഉത്പാദനം കുറയുകയും അത് ചയാപചയ പ്രവർ ത്തനങ്ങളെ സാരമായി ബാധിക്കുകയും ചെയ്യുന്നു. ദീപനപാചന




ഔഷധങ്ങളോടൊപ്പം മഗ്നീഷ്യം അടങ്ങിയ ഇലക്കറികൾ കഴി ക്കാൻ നിർദ്ദേശിക്കുമ്പോഴാണ് ചികിത്സ പൂർണ്ണമാകുന്നത്.

തൈറോയിഡ് രോഗങ്ങളിൽ അഗ്നി പൊതുവെ വിഷമമൊ തീക്ഷ്ണമൊ ആയിരിക്കുമല്ലോ. ഇതുമൂലം ആഹാരത്തിന്റെ ദഹ നപ്രക്രിയ തകരാറിലാവുകയും വിദാഹത്തിനു കാരണമാവുകയും ചെയ്യുന്നു. ഈ അവസരമാണ് വിദാഹമുളവാക്കുന്നത്. ക്ഷാര



അല്ല ലവണ രസ പ്രധാനമായ അന്നപാനീയങ്ങൾ ഒഴിവാക്കേണ്ട താണ്. ഉദാഹരണത്തിന് എരിവ്, പുളി സോഫ്റ്റ് ഡ്രിങ്ക്, അച്ചാർ എന്നിവ. തൈറോയ്ഡ് രോഗങ്ങളുടെ സംപ്രാപ്തിയിൽ ലവണ രസത്തിനു പ്രധാന പങ്കുണ്ട്. അഷ്ടാംഗ ഹൃദയത്തിൽ സമുദ്രലവ ണത്തിന്റെ സവിശേഷത വിവരിക്കുമ്പോൾ വിപാകം മധുരമായി ട്ടാണ് പറയുന്നത്. ഇന്നത്തെ കാലത്ത് വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കുന്ന ഉപ്പ് പലവിധ സംസ്കാരത്തിനു വിധേയമാക്കു ന്നുണ്ട്. ഇതിനെ ശുദ്ധമായ സമുദ്രലവണമെന്ന് ഗണിക്കാൻ വയ്യ. ഇത് വിപാത്തിൽ അമ്ലമായിത്തീരുന്നതായാണ് അനുഭവം. ഇതും വിദാഹത്തിനു കാരണമാകുന്നു.

Hashimoto's disease, Graves Disease മുതലായ Autoimmune അവസ്ഥകളിൽ അതുപോലെ മറ്റ് inflammatory and infections അവസ്ഥകൾ ഉള്ളപ്പോൾ ആമം വർദ്ധിപ്പിക്കുന്ന എണ്ണമയമുള്ള ഗുരുസ്നിഗ്ധമായ ആഹാരങ്ങൾ ഒഴിവാക്കേണ്ടതാണ്.

**ഡോ. സി. ഡി. സഹദേവൻ**
സീനിയർ കൺസൾറ്റൻറ്
ജൂബിലി ആയുർവേദ

Editorial Board
Rev. Fr. Dr. Demin Tharayil | Dr. Benny Joseph | Dr. Aswath Kumar R
Mr. Noble Thomas | Adv. Justin C J | Mr. Baby P A | Ms. Rakhi K B
Ms. Chippy K S | Ms. Mariya Tony | Mr. Joshi Paul



Service With Love

JUBILEE MISSION

MEDICAL COLLEGE & RESEARCH INSTITUTE